# സ്വർഗത്തെ സ്വപ്നം കണ്ട കുഞ്ഞേട്ടൻ



ഫാ. ആന്റണി പുതിയാപറമ്പിൽ
(ചെറുപുഷ്പ മിഷൻലീഗ്, സംസ്ഥാന ഡയറക്ടർ)

## വിശുദ്ധ ജീവിതങ്ങളാൽ സ്വാധീനിക്കപ്പെട്ട ജീവിതം

കുഞ്ഞേട്ടൻ രൂപം കൊടുത്ത മിഷൻലീഗിന്റെ സ്വർഗീയ മദ്ധ്യസ്ഥയായ വി. കൊച്ചുത്രേസ്യയുടെ ആദ്ധ്യാത്മികതയുടെ ആഴം അറിഞ്ഞ് ജീവിതംകൊണ്ട് പ്രഘോഷിച്ച വ്യക്തിയായിരുന്നു കുഞ്ഞേട്ടൻ. “നിങ്ങൾ ശിശുക്കളെപ്പോലെയാകുന്നില്ലെങ്കിൽ സ്വർഗരാജ്യത്തിൽ പ്രവേശിക്കുകയില്ല.” “ശിശുവിനെപ്പോലെ സ്വയം ചെറുതാകുന്നവനാണ് സ്വർഗരാജ്യത്തിൽ വലിയവൻ” തുടങ്ങിയ ദൈവവചനങ്ങൾ തന്റെ ജീവിതത്തിൽ ആഴത്തിൽ വിശ്വസിക്കുകയും അനേകം കുഞ്ഞുങ്ങളെ ദൈവസ്നേഹത്തിലേക്ക് നയിക്കുകയും ചെയ്ത വ്യക്തിയാണ് കുഞ്ഞേട്ടൻ. കുഞ്ഞേട്ടന്റെ മുമ്പിൽ കുഞ്ഞുങ്ങൾ എന്നും വിലപ്പെട്ടവരും പ്രിയങ്കരരുമായിരുന്നു.

എന്റെ വ്യക്തിജീവിതത്തിൽ കുഞ്ഞേട്ടനുമായി വളരെ ദീർഘനാളത്തെ പരിചയമില്ലായിരുന്നെങ്കിലും ചുരുങ്ങിയ നാളുകളിലൂടെ മനസ്സിലാക്കാൻ സാധിച്ചത് വളർന്നുവരുന്ന കുഞ്ഞുങ്ങളെക്കുറിച്ച് വളരെ വിശുദ്ധമായ സ്വപ്നം അദ്ദേഹത്തിന്റെ മനസ്സിലുണ്ടായിരുന്നു എന്നാണ്. കുഞ്ഞേട്ടന്റെ പെട്ടെന്നുള്ള മരണത്തിന് കാരണമായ അപകടത്തിന്റെ തലേദിവസം (ആഗസ്റ്റ് 1–ാം തീയതി) തന്റെ പ്രിയപ്പെട്ട വിശുദ്ധയായ അൽഫോൻസാമ്മയുടെ ജന്മഗൃഹമായ കുടമാളൂർ അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിന്റെ ചാപ്പലിന് സമീപത്തുള്ള മുറിയിലിരുന്ന് കുഞ്ഞേട്ടനുമായി ദീർഘനേരം സംസാരിച്ചതാണ് എന്റെ മനസ്സിൽ മായാതെ നില്ക്കുന്ന ഓർമ. അവിടെയിരുന്ന് ഒരു മണിക്കൂർ സമയം സംസാരിച്ച അവസരത്തിൽ കുഞ്ഞേട്ടൻ പറഞ്ഞതു കുഞ്ഞുങ്ങളെക്കുറിച്ചും സ്വർഗത്തെക്കുറിച്ചുമായിരുന്നു. ഇന്ന് പലരും കുഞ്ഞുങ്ങളെ വളർത്തി വലുതാക്കുന്നതിനും വലിയ സ്ഥാനങ്ങളും സമ്പത്തും സ്വന്തമാക്കിക്കൊടുക്കുന്നതിനും കിണഞ്ഞുപരിശ്രമിക്കുന്നതിനിടയിൽ കുഞ്ഞുങ്ങളോട് സ്വർഗത്തെക്കുറിച്ച് പറയുന്നതിന് മറന്നുപോകുന്നു. കുട്ടികളോട് സ്വർഗത്തിൽ പോകുന്നതിനെക്കുറിച്ച് നാം പറയുകയും പഠിപ്പിക്കുകയും ചെയ്യണമെന്ന് കുഞ്ഞേട്ടൻ പ്രത്യേകം എടുത്തുപറഞ്ഞത് ഞാൻ ഓർക്കുകയാണ്. താനിന്ന് മരിച്ചാൽ അൽഫോൻസാമ്മയോടൊപ്പം തനിക്കും സ്വർഗത്തിൽ ഇടം കിട്ടുമെന്നാണ് തന്റെ പ്രതീക്ഷയെന്ന് കുഞ്ഞേട്ടൻ പറഞ്ഞതാണ്, പിറ്റേദിവസം അദ്ദേഹം അപകടത്തിൽപ്പെട്ട് അബോധാവസ്ഥയിലാണെന്നു കേട്ടപ്പോൾ എന്റെ മനസ്സിലേക്ക് ഓടിയെത്തിയത്. ഒരു ക്രൈസ്തവന് സ്വർഗത്തെക്കുറിച്ചുള്ള പ്രത്യാശയും നിത്യതയെക്കുറിച്ചുള്ള സ്വപ്നവുമൊക്കെയില്ലെങ്കിൽ അവന്റെ ജീവിതം അർത്ഥമില്ലാത്തതായിത്തീരുന്നു എന്നതാണ് വാസ്തവം.

ഞാൻ അദ്ദേഹത്തെ കുടമാളൂരുവച്ച് കണ്ടുമുട്ടി സംസാരിച്ച ദിവസം തന്നെയാണ് വി. അൽഫോൻസാമ്മയുടെ സഹപാഠിയും കളിക്കൂട്ടുകാരിയുമൊക്കെയായിരുന്ന ലക്ഷ്മിക്കുട്ടിയെന്ന ഹൈന്ദവസഹോദരി മരണമടഞ്ഞത്. തദവസരത്തിൽ കുഞ്ഞേട്ടൻ അവരുടെ ഭവനത്തിൽ സന്ദർശനം നടത്തി വീട്ടുകാരെ അനുശോചനം അറിയിച്ചതും, അൽഫോൻസാമ്മയുടെ മരണദിനത്തിനടുത്ത ദിവസങ്ങളിൽ സംഭവിച്ച അപകടവും മരണവുമൊക്കെ വി. അൽഫോൻസാമ്മയോടുള്ള അദ്ദേഹത്തിന്റെ ആത്മീയ അടുപ്പത്തിന്റെ സൂചനകളാണെന്നു കരുതുന്നു.

1938–ൽ ഭരണങ്ങാനം ബോയ്സ് സ്കൂളിൽ ആറാം ക്ലാസ്സിൽ പഠിച്ചുകൊണ്ടിരുന്ന കാലഘട്ടത്തിൽ കുഞ്ഞേട്ടൻ (അവറാച്ചൻ) ദിവസവും ഉച്ചസമയത്ത് അടുത്തുള്ള ക്ലാരമഠത്തിൽ കൂട്ടുകാരോടൊത്ത് ചാമ്പങ്ങയും മൾബറി പഴവും പറിക്കാൻ പോകാറുണ്ടായിരുന്നു. സി. അൽഫോൻസ കുട്ടികൾക്കായി ചാമ്പങ്ങ പറിച്ചുവച്ചു നല്കുമായിരുന്നു. ചാമ്പങ്ങ നല്കുന്നതിനൊപ്പം, എല്ലാ ദിവസവും സുകൃതജപം ചൊല്ലണമെന്ന് അൽഫോൻസാമ്മ കുട്ടികളോടാവശ്യപ്പെടുമായിരുന്നു. “എന്റെ അമ്മേ, എന്റെ ആശ്രയമേ, “എന്റെ ഈശോയെ നിന്നെ ഞാൻ സ്നേഹിക്കുന്നു.” “കുളിരാൽ വിറയ്ക്കുന്ന ഉണ്ണീശോയെ നിന്നെ ഞാൻ തഴുകി മുത്തുന്നു.” എന്നീ സുകൃതജപങ്ങളും സി. അൽഫോൻസ പറഞ്ഞുകൊടുത്തിരുന്നു. മാത്രമല്ല, ഈ സുകൃതജപങ്ങളൊക്കെ വിശാഖപട്ടണം മിഷനുവേണ്ടി കാഴ്ചവയ്ക്കണമെന്ന നിർ ദ്ദേശവും നല്കിയിരുന്നു. അവറാച്ചൻ അവധിക്കാലത്ത് ഭരണങ്ങാന ത്ത് വരുന്ന അവസരത്തിൽ ബഹു. ഫ്രാൻസിസ് വടക്കേലച്ചൻ രോഗിയായി കിടക്കുന്ന അൽഫോൻസാമ്മയ്ക്ക് വി. കുർബാനയ്ക്കു കൊടുക്കുന്നതിനായി പോകുമ്പോൾ അവറാച്ചനെ കൂടെ കൊണ്ടുപോയിരുന്നു. അങ്ങനെ അൽഫോൻസാമ്മ തന്റെ വേദനകളെ മിഷനുവേണ്ടി സമർപ്പിക്കുന്നതു കാണുകയും ചെയ്തിട്ടു ള്ള ആളാണ് കുഞ്ഞേട്ടൻ. അതി നാൽ അദ്ദേഹത്തിന്റെ ജീവിതം ഈ വിശുദ്ധയുടെ ജീവിതത്താൽ സ്വാധീനിക്കപ്പെട്ടിട്ടുള്ളതാണ്. ഇതൊ ക്കെത്തന്നെയായിരുന്നു മിഷൻ രംഗങ്ങളെ പ്രാർത്ഥനകൊണ്ടും സംഭാവ ന കൊണ്ടും സഹായിക്കുന്നതിനായി വേദപ്രചാരസഹായസംഘം എന്ന പേരിൽ ഒരു പ്രസ്ഥാനത്തിന് രൂപം കൊടുക്കാൻ കുഞ്ഞേട്ടനെ സഹായിച്ചത്. പിന്നീട് ഈ പ്രസ്ഥാനം ബഹു. ജോസഫ് മാലിപ്പറമ്പിൽ അച്ചന്റെ നേ തൃത്വത്തിൽ 1947–ൽ വിശുദ്ധ കൊച്ചുത്രേസ്യയുടെ ചരമത്തിന്റെ സുവർണജൂബിലിദിനമായ ഒക്ടോബർ 3–ന് ഭാരത ത്തിന്റെ ലിസ്യൂ എന്ന് അറിയപ്പെടുന്ന ഭരണങ്ങാനത്തുവച്ച്, കോട്ടയം രൂപതയുടെ സഹായമെത്രാനായിരുന്ന അഭിവന്ദ്യ തോമസ് തറയിൽ പിതാവ് ചെറുപുഷ്പമിഷൻ ലീഗ് എന്ന പേരിൽ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. ഇന്ന് ഈ അത്മായ പ്രേഷിതസംഘടന വളർന്ന് 2500 യൂണിറ്റുകളിലായി 16 ലക്ഷത്തിലധികം അംഗങ്ങൾ ഈ സംഘടനയിൽ സജീവമായി പ്രവർത്തിച്ച് ഭാരതത്തിന്റെ സുവിശേഷവത്കരണ ദൗത്യത്തിൽ പങ്കെടുത്തുകൊണ്ടിരിക്കുന്നു.

## യാത്രികനായ കുഞ്ഞേട്ടൻ

85–ാമത്തെ വയസ്സിൽപ്പോലും നഗ്നപാദനായിട്ടാണ് കേരളത്തിലങ്ങോളമിങ്ങോളം മാത്രമല്ല, ഭാരതത്തിന്റെ വിവിധ രൂപതകളിലും വി. അൽഫോൻസാമ്മയുടെ വിശുദ്ധ പദവി പ്രഖ്യാപനശുശ്രൂഷകളിൽ പങ്കെടുക്കുവാനായി റോമിലും കുഞ്ഞേട്ടൻ സഞ്ചരിച്ചിരുന്നത്. “നിങ്ങൾ ലോകമെങ്ങും പോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ” എന്ന സുവിശേഷനിയോഗം ഏറ്റെടുത്ത് വൈദികനാകാൻ ആഗ്രഹിച്ചുവെങ്കിലും അനാരോഗ്യംമൂലം അദ്ദേഹത്തിന് അതു സാധിക്കാതെ വന്നു. എങ്കിലും ഒരു സമർപ്പിതന് ചെയ്യാവുന്നതിലേറെ തനിക്ക് ചെയ്യാനാകുന്നുണ്ടെന്ന സന്തോഷമായിരുന്നു കുഞ്ഞേട്ടന്. സമർപ്പിതരായ തന്റെ മൂന്നു മക്കളിലൂടെയും കുടുംബജീവിതം നയിക്കുന്ന മറ്റു മക്കളിലൂടെയും തന്റെ എളിയ ശുശ്രൂഷകളിലൂടെയും ഈ സുവിശേഷനിയോഗം നിറവേറ്റുകയായിരുന്നു അദ്ദേഹം. “സുവിശേഷം പ്രസംഗിക്കുന്നവരുടെ പാദങ്ങൾ എത്ര സുന്ദരം” എന്ന വചനം കുഞ്ഞേട്ടനെ സംബന്ധിച്ച് വളരെ പ്രസക്തമായിരുന്നു.

താൻ കണ്ടുമുട്ടുന്ന ആരോടും, പ്രത്യേകിച്ച് കുട്ടികളോട് മിഷനുവേണ്ടി പ്രാർത്ഥിക്കണമെന്നും ജീവിതത്തിലൂടെയും പ്രവൃത്തിയിലൂടെയും ഈ ദൗത്യം നിറവേറ്റണമെന്നും നിർദ്ദേശിച്ചുകൊണ്ട്, വിശുദ്ധരുടെ ചിത്രങ്ങളും, മെഡലുകളും, ഉത്തരീയങ്ങളുമൊക്കെ നല്കുകയും വിശുദ്ധരാകണമെന്ന് സ്നേഹത്തോടും വാത്സല്യത്തോടുംകൂടി നിർദ്ദേശിക്കുകയും ചെയ്തിരുന്ന കുഞ്ഞേട്ടൻ “ചെറിയ കാര്യങ്ങളിൽ വിശ്വസ്തനായി” ജീവിച്ച വ്യക്തിയാണ്.

മാമ്മോദീസാ സ്വീകരിക്കുന്ന ഓരോ ക്രൈസ്തവനും ക്രിസ്തുവിനെ പ്രഘോഷിക്കുവാൻ കടപ്പെട്ടവനാണെന്ന രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ നിർദ്ദേശം ആത്മാർത്ഥമായി സ്വീകരിച്ച കുഞ്ഞേട്ടന്റെ ജീവിതത്തെ നാം മാതൃകയായി സ്വീകരിക്കണം. കുഞ്ഞേട്ടൻ സന്ദർശിക്കാത്ത മിഷൻ ലീഗിന്റെ ശാഖകൾ ഒന്നുംതന്നെയുണ്ടാകില്ലെന്നതാണ് സത്യം. നഗ്നപാദനായിട്ടുള്ള അദ്ദേഹത്തിന്റെ യാത്ര ഒരു സുവിശേഷപ്രഘോഷകന്റെ യാത്രയായിരുന്നു. ഹൃദയത്തിൽ സുവിശേഷമാകുന്ന അഗ്നിയും കാലിൽ സംഘടനയെ വളർത്താനും കുഞ്ഞുങ്ങളെ ഈശോയ്ക്കായി നേടാനുമുള്ള താത്പര്യത്തിന്റെ ചിറകുമായി കുഞ്ഞേട്ടൻ യാത്ര ചെയ്യുകയായിരുന്നു. അദ്ദേഹത്തിന്റെ ജീവിതം ഒരു ‘സു’വിശേഷമായിരുന്നു. സുവിശേഷത്തെ കൂട്ടുപിടിച്ചുള്ള ഒരു യാത്രയായിരുന്നു. വി. പൗലോസ് ശ്ലീഹായെപ്പോലെ സുവിശേഷം പ്രഘോഷിക്കുവാനുള്ള തീക്ഷ്ണത ഉള്ളിലുണ്ടായിരുന്നപ്പോഴും, ലോകത്തൊരിടത്തും പോയി സുവിശേഷം പ്രസംഗിച്ചിട്ടില്ലെങ്കിലും ആഗോള പ്രേഷിതപ്രവർത്തനങ്ങളുടെ മദ്ധ്യസ്ഥയായിത്തീർന്ന വി. കൊച്ചുത്രേസ്യയുടെ ആദ്ധ്യാത്മികതയുടെ ലാളിത്യവും വിനയവും, ശിശുതുല്യമായ നിഷ്കളങ്കതയും പ്രേഷിതപ്രവർത്തനത്തിലുള്ള തീക്ഷ്ണതയും സ്വന്തമാക്കിയ വ്യക്തിത്വമായിരുന്നു കുഞ്ഞേട്ടന്റേത്.

ഓരോ മിഷൻലീഗ് പ്രവർത്തകന്റെ ഹൃദയത്തിലും കുഞ്ഞേട്ടൻ എന്നും ഒരാവേശമായിരിക്കും. ലക്ഷക്കണക്കിന് സംഘടനാ പ്രവർത്തകരും കുഞ്ഞേട്ടന്റെ ഓർമ എന്നും മനസ്സിൽ സൂക്ഷിക്കും. അദ്ദേഹത്തിന്റെ മരണാവസരത്തിലും, മൃതസംസ്കാരശുശ്രൂഷയിലും ഉണ്ടായിരുന്ന കേരള കത്തോലിക്കാ സഭയിലെ ഭൂരിഭാഗം അഭിവന്ദ്യപിതാക്കന്മാരുടെയും വൈദികരുടെയും സാന്നിദ്ധ്യവും, പതിനായിരക്കണക്കിന് വിശ്വാസികൾ കാണിച്ച ആദരവും കുഞ്ഞേട്ടനു ജനഹൃദയങ്ങളിലുള്ള സ്ഥാനം വ്യക്തമാക്കുന്നതായിരുന്നു. രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ കാലഘട്ടം മുതൽ സഭയിൽ മുഴങ്ങികേൾക്കുന്ന അത്മായ ശക്തീകരണം പ്രാവർത്തികമാക്കാൻ കുഞ്ഞേട്ടനെപ്പോലുള്ള അത്മായരെ വളർത്തുന്നതിലും പ്രോത്സാഹിപ്പിക്കുന്നതിലും സഭാധികാരികൾ വേണ്ടത്ര ആത്മാർത്ഥത കാണിക്കുന്നുണ്ടോയെന്ന് ആത്മപരിശോധന ചെയ്യാൻ കൂടി ഈയവസരം കാരണമാകട്ടെയെന്നു പ്രാർത്ഥിക്കുന്നു. കുഞ്ഞേട്ടനു ലഭിച്ചിട്ടുള്ള ഏതൊരു ആദരവിനും അംഗീകാരത്തിനുമപ്പുറത്തായി ലോകമെമ്പാടുമുള്ള ചെറുപുഷ്പ മിഷൻലീഗ് അംഗങ്ങൾ കുഞ്ഞേട്ടനെ മനസ്സിൽ മായാത്ത ആവേശമായി സൂക്ഷിക്കുമെന്നതാണ് അദ്ദേഹത്തിനു ലഭിക്കുന്ന ഏറ്റവും വലിയ അംഗീകാരം. കുഞ്ഞേട്ടൻ വിശുദ്ധരായ കൊച്ചുത്രേസ്യയോടും അൽഫോൻസാമ്മയോടുമൊപ്പം സ്വർഗത്തിലിരുന്നു അനുഗ്രഹ പൂമഴ ചൊരിയുമെന്ന പ്രത്യാശയോടെ മിഷൻലീഗ് അംഗങ്ങളുടെ പ്രാർത്ഥനാപുഷ്പങ്ങൾ സമർപ്പിക്കുന്നു. ■